(സി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) 2014-15 വർഷത്തെ രണ്ടാം ഗഡു കേന്ദ്ര വിഹിതം കുടിശ്ശിക ആയിട്ടുണ്ട്. കേന്ദ്രവിഹിതത്തിൽ 16171.43 ലക്ഷം രൂപ ലഭിക്കാത്തതിനാൽ ആനുപാതിക സംസ്ഥാന വിഹിതമായ 5390.48 ലക്ഷം രൂപയും നൽകിയിട്ടില്ല.

'ജനശ്രീ'

19 (1387) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം 'ജനശ്രീ' ക്ക് അനുവദിച്ചിട്ടുള്ള സഹായങ്ങൾ എന്തൊക്കെയാണ് ;

(ബി) 'ജനശ്രീ'യിൽ ഈയിടെയുണ്ടായ തട്ടിപ്പിനെ സംബന്ധിച്ച വിവരം ലഭിച്ചിട്ടുണ്ടോ ; അതേക്കുറിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ ; വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം 'ജനശ്രീ'ക്ക് പഞ്ചായത്ത് വകുപ്പ്, നഗരകാര്യ വകുപ്പ്, ഗ്രാമവികസന വകുപ്പ് എന്നിവ മുഖേന സഹായങ്ങൾ അനുവദിച്ചിട്ടില്ല.

(ബി) വെഞ്ഞാറമൂട് ജനശ്രീ മിഷനുമായി ബന്ധപ്പെട്ട് നടന്നതായി ആരോപിക്കപ്പെടുന്ന സാമ്പത്തിക തട്ടിപ്പിനെപ്പറ്റി ആഭ്യന്തര വകുപ്പ് അന്വേഷണം നടത്തിവരികയാണ്.

ഇന്ദിരാ ആവാസ് യോജന

20 (1388) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വർക്കല കഹാർ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇന്ദിരാ ആവാസ് യോജനയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതിയനുസരിച്ച് നൽകുന്ന സാമ്പത്തിക സഹായങ്ങൾ എന്തെല്ലാമാണ് ; വിശദമാക്കുമോ ;

(സി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം ഐ.എ.വൈ. പദ്ധതി പ്രകാരം വീട് നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക സഹായം വർദ്ധിപ്പിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) ഗ്രാമീണമേഖലയിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വാസയോഗ്യമായ വീടില്ലാത്ത കുടുംബങ്ങൾക്ക് ഭവനനിർമ്മാണ/പുനരുദ്ധാരണ ധനസഹായം നൽകുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ഇന്ദിരാ ആവാസ് യോജന (ഐ.എ.വൈ). വീടു വയ്ക്കാനാവശ്യമായ ഭൂമിയില്ലാത്തവർക്ക് ഭൂമി നൽകുന്നതിനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു. ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത് ഗ്രാമസഭകളിലൂടെയാണ്. ഈ പദ്ധതിപ്രകാരം കേന്ദ്ര സർക്കാർ നിശ്ചയിച്ച യൂണിറ്റ് കോസ്റ്റ് 70,000 രൂപയാണ്. ഈ തുക കേന്ദ്ര സംസ്ഥാന സർക്കാരുകൾ 75:25 അനുപാതത്തിൽ വകയിരുത്തുന്നു.

(ബി&സി) കേന്ദ്രം നിശ്ചയിച്ചിരിക്കുന്ന യൂണിറ്റ് കോസ്റ്റ് 70,000 രൂപയാണെങ്കിലും ഈ സർക്കാർ അത് 2,00,000 (എസ്.സി. ജനറൽ) 2,50,000 (എസ്.റ്റി) ആക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. വർദ്ധിപ്പിച്ച നിരക്ക് കണ്ടെത്തുന്നതിന് ആവശ്യമായ തുകയിൽ 50,000 രൂപ സംസ്ഥാന സർക്കാർ അധിക ധനസഹായമായി നൽകുന്നുണ്ട്. ബാക്കി തുക ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ 25:40:35 അനുപാതത്തിൽ കേരള വികസന പദ്ധതിയിൽ ലഭിക്കുന്ന പ്ലാൻ ഫണ്ടിൽ നിന്നും കണ്ടെത്തുന്നു. ഭവന പുനരുദ്ധാരണത്തിന് 15,000 രൂപയും ഭൂമി വാങ്ങുന്നതിന് 10,000 രൂപയുമാണ് ടി പദ്ധതി പ്രകാരം നൽകുന്നത്.

ആലപ്പുഴ ജില്ലയിൽ നബാർഡ് സഹായ പദ്ധതികൾ

21 (1389) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നബാർഡ് സഹായ പദ്ധതികൾ അനുവദിക്കുന്നത് സംബന്ധിച്ച നടപടിക്രമം വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് ഏതെല്ലാം മേഖലകളിലാണ് നബാർഡ് സഹായ പദ്ധതികൾ നിലവിലുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly